RCS/2343/2022-FIN (2)

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം.16.09.2022

**സർക്കുലർ നമ്പർ. 40/2022**

വിഷയം : സഹകരണ വകുപ്പ് - ഫിനാൻസ് - 1969 ലെ കേരള സഹകരണ നിയമം പ്രകാരം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട വിവിധ ഫീസുകൾ - പുതിയ ശീർഷകങ്ങൾ - സംബന്ധിച്ച്

സൂചന : സർക്കാരിന്റെ 27.07.2022 ലെ G.O.(Rt)5369/2022/Fin നമ്പർ ഉത്തരവ്

C & AG യുടെ മാർച്ച് 2020 ലെ സ്റ്റേറ്റ് ഫിനാൻസ് ആഡിറ്റ് റിപ്പോർട്ടിൽ സഹകരണ വകുപ്പിന്റെ '0425' എന്ന മേജർ ഹെഡിലെ മൈനർ ഹെഡ് '800' -ൽ വലിയ തുകകൾ വരുന്നതായും, മൈനർ ഹെഡ് '800' എന്നത് അനുയോജ്യമായ ശീർഷകം അനുവദിച്ചിട്ടില്ലാത്ത മറ്റിനങ്ങൾക്കുള്ളതിനാൽ ടി ശീർഷകം സ്ഥിരമായി ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ സഹകരണ വകുപ്പിന്റെ നികുതിയേതര വരുമാനങ്ങളിൽ മൈനർ ഹെഡ് '800' -ൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് സർക്കാർ സൂചന പ്രകാരം പുതിയ ശീർഷകങ്ങൾ അനുവദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പുതിയ ശീർഷകങ്ങളിൽ തുകകൾ അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

പുതിയ ശീർഷകം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നിലവിലെ ശീർഷകം | പുതിയ ശീർഷകം |
|---|---|---|
| ആർബിട്രേഷൻ ഫീസ് | 0425-00-800-98 | 0425-00-501-98 |
| ലിക്വിഡേഷൻ ചാർജ്ജുകൾ | 0425-00-800-97 | 0425-00-501-97 |
| റൂൾ 156 പാർട്ട് ഒന്ന് കെ.എസ്.ആർ പ്രകാരം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ കോസ്റ്റ് (കെ.എസ്.ആർ/ആഡിറ്റ് കോസ്റ്റ്) | 0425-00-800-96 | 0425-00-101-98 |
| 1969 ലെ കേരള സഹകരണ സംഘം ചട്ടം 124A പ്രകാരം ഗവൺമെന്റിലേയ്ക്കോ, സഹകരണ സംഘം രജിസ്ട്രാർക്കോ പുനപരിശോധയ്ക്ക് നൽകുന്ന അപേക്ഷകൾക്കോ അപ്പീലുകൾക്കോ നൽകേണ്ട ഫീസ് / തിരിച്ചറിയൽ കാർഡിനുള്ള അപ്പീൽ ഫീസ് | 0425-00-800-95 | 0425-00-501-96 |
| പുതിയ സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്/ ബൈലാ ഭേദഗതിക്കുള്ള ഫീസ് | 0425-00-800-94 | 0425-00-501-95 |
| സംഘത്തിന് ബ്രാഞ്ച് അനുവദിക്കുന്നതിനുള്ള ഫീസ് | 0425-00-800-93 | 0425-00-501-94 |
| സഹകരണ സംഘം റീ ക്ലാസിഫിക്കേഷനുള്ള ഫീസ് | 0425-00-800-93 | 0425-00-501-93 |
| സംഘങ്ങൾ നടത്തുന്ന പ്രതിമാസ നിക്ഷേപ പദ്ധതികൾക്കുള്ള ഫീസ് | 0425-00-800-93 | 0425-00-501-92 |

ആഡിറ്റ് ഫീസ്, ഇലക്ഷൻ ഫീസ് എന്നിവ നിലവിലെ ശീർഷകങ്ങളിൽ (ആഡിറ്റ് ഫീസ് - 0425-00-101-99, ഇലക്ഷൻ ഫീസ് -0425-00-501-99) തുക അടയ്ക്കേണ്ടതാണ്.

ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ പുതിയ ശീർഷകങ്ങൾ സംബന്ധിച്ച വിവരം ജില്ലയിലെ എല്ലാ സംഘങ്ങളുടെയും, വകുപ്പിലെ ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും, ടി ശീർഷകങ്ങളിൽ തന്നെ തുകകൾ അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
അലക്സ് വർഗ്ഗീസ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. ജോയിന്റ് രജിസ്ട്രാർ(ജനറൽ), എല്ലാ ജില്ലകളും
3. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), എല്ലാ ജില്ലകളും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
   (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
   (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
6. എഡിറ്റർ, സഹകരണ വീഥി
7. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിൻ)